പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2209 08.12.2014-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. യുടെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

(എ) കെ.റ്റി.ഡി.എഫ്.സി. അങ്കമാലിയിൽ ബി.ഒ.ടി അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമ്മിനൽ കം ഷോപ്പിംങ് കോംപ്ലക്സിൽ ലേല ദർഘാസ് നടപടികളിലൂടെ ഓരോ നിലയിലും എത്ര സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എ) വാടകയ്ക്കു കൊടുത്തിട്ടുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| Sl. No. | Floor | Area Rented out |
|---|---|---|
| 1 | Ground Floor | 9138.73 sq.ft. |
| 2 | First Floor | വാടകയ്ക്ക് നൽകിയിട്ടില്ല. |
| 3 | Second Floor | വാടകയ്ക്ക് നൽകിയിട്ടില്ല. |
| 4 | Third Floor | വാടകയ്ക്ക് നൽകിയിട്ടില്ല. |
| 5 | Fourth Floor | 1633.68 sq.ft. |
| 6. | Fifth Floor | 22015 sq.ft. |

(ബി) എത്ര സ്ഥലമാണ് ഇനി ലേലത്തിൽ പോകാനുള്ളത് പ്രസ്തുത സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനായി നാളിതുവരെ എത്ര തവണ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

(ബി) ഇനി വാടകയ്ക്ക് പോകാനുള്ള സ്ഥലങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;

| Sl. No. | Floor | Vacant space |
|---|---|---|
| 1 | Ground Floor | 1151.12 sq.ft. |
| 2 | First Floor | 12738.05 sq.ft. |
| 3 | Second Floor | 19833.59 sq.ft. |
| 4 | Third Floor | 19833.59 sq.ft. |
| 5 | Fourth Floor | 18197.74 sq.ft. |
| 6. | Fifth Floor | മുഴുവൻ സ്ഥലവും വാടകയ്ക്ക് പോയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതുവരെ 5 തവണ ദർഘാസ് - ലേല നടപടികൾ നടത്തിയിട്ടുണ്ട്. ദർഘാസ് - ലേല നടപടി കൂടാതെ ആവശ്യക്കാരെ കണ്ടെത്തി നേരിട്ട് സ്ഥലം വാടകയ്ക്ക് നല്കുന്നതിനായി കെ.റ്റി.ഡി.എഫ്.സി.യുടെ ബോർഡ് തീരുമാനപ്രകാരം ഒരു ഡയറക്ട് മാർക്കറ്റിംഗ് ഏജൻസിയേയും എംപാനൽ ചെയ്തിട്ടുണ്ട്. ആറാംഘട്ട ദർഘാസ് - ലേലത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കോർപ്പറേഷൻ നിജപ്പെടുത്തിയിട്ടുള്ള പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകുവാൻ വാടകക്കാർ വിമുഖത കാണിക്കുന്നതാണ് സ്ഥലങ്ങൾ വാടകയ്ക്ക് പോകുന്നതിന് കാലതാമസമുണ്ടാകുന്നതിനുള്ള പ്രധാന കാരണം. online trading-ന്റെ കടന്നുകയറ്റവും ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന് മറ്റൊരു കാരണമാണ്. |

സെക്ഷൻ ഓഫീസർ